പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*128 | 06/03/2018- ൽ മറുപടിയ്ക്ക്

## റബറിന്റെ സംരക്ഷണത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാനത്തിന്റെ തനത് കാർഷിക ഉൽപ്പന്നം എന്ന നിലയിൽ റബറിന്റെ സംരക്ഷണത്തിനായി പാവപ്പെട്ട റബർ കർഷകരെ സഹായിക്കാൻ സംസ്ഥാന തലത്തിൽ ഒരു ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിച്ച് ബോർഡ് രൂപീകരിക്കുമോ; | (എ) കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനും, റബ്ബർ കൃഷിയുടെ സംരക്ഷണത്തിനുമായി നിലവിൽ കേന്ദ്ര സ്ഥാപനമായ റബ്ബർ ബോർഡ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന റബറിന്റെ എൺപത് ശതമാനവും കേരളത്തിൽ നിന്നുമാണെന്ന സാഹചര്യത്തിൽ റബറിനെ കാർഷിക വിളയായി പ്രഖ്യാപിച്ച് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) നിലവിൽ റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ ബോർഡിൽ നിന്നും റബ്ബർ കൃഷിയ്ക്കായി വിവിധ പദ്ധതികളിലൂടെ പരമാവധി ധനസഹായം ലഭിക്കുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ റബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി CIAL മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റബ്ബറിന് കിലോയ്ക്ക് 150/- രൂപ താങ്ങുവില നിശ്ചയിച്ചുകൊണ്ടുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2017-18-ൽ ഇതിലേയ്ക്കായി 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതിന്റെ വിതരണം നടന്നുവരുന്നു. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമ മാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്ര സർക്കാരന്റെ |

ലൈവലി ഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, അസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതി യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് മന്ത്രിയെ 22/2/2018 - ൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കുന്ന തിനാവശ്യമായ അധിക സഹായം നൽകണം എന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**